## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4336 — 04/02/2014-ൽ മറുപടിക്ക്

### വിദ്യാർത്ഥികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങൾ തടയാൻ സ്കൂളുകളിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിദ്യാർത്ഥികൾക്കു നേരെയുള്ള ലൈംഗിക ചൂഷണങ്ങൾ തടയുന്നതിനും അതിനായി ബോധവൽക്കരണം നടത്തുന്നതിനുമായി വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്; | (എ) വിദ്യാർത്ഥികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണങ്ങൾ തടയുന്നതിനും അതിനായി ബോധവൽക്കരണം നടത്തുന്നതിനുമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും കുട്ടികൾക്ക് കൗൺസിലിംഗ് നൽകിയും കുട്ടികളുടെ സംരക്ഷണത്തിനായി സ്കൂളുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും സ്കൂൾ തല ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനവും നടത്തിവരുന്നു.<br><br>ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നേരെയുള്ള ലൈംഗിക ചൂഷണം തടയുന്നതിന് സ്കൂളുകളിലെ സൗഹൃദ ക്ലബ്ബ് വഴി കൗൺസിലിംഗ് നടത്തുന്നുണ്ട്. കൂടാതെ കുട്ടികൾക്ക് സഹായകരമായ ഹെൽപ്പ് ഡെസ്ക് നമ്പറുകൾ സ്ക്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ക്ലാസ്സുകളും കൗൺസിലിംഗുകളും നൽകി |

| | |
|---|---|
| | വരുന്നുണ്ട്. കൂടാതെ അഡോളസെന്റ് ഹെൽത്ത് എഡ്യുക്കേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സ്കൂളുകളിൽ ടി വിഷയം സംബന്ധമായി ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. |
| (ബി) സ്കൂളുകളിലെ കൗൺസിലിംഗ് ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sreedev

**സെക്ഷൻ ഓഫീസർ**